<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനാറാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിട്ട നിയമസഭാചോദ്യം നം.281</u> <u>08/11/2019-ൽ മറുപടിയ്ക്ക്</u>

<u>വെയർഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ.വി.ആർ.സുനിൽ കുമാർ**<br>**ശ്രീ.മുല്ലക്കര രത്നാകരൻ**<br>**ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീമതി.സി.കെ. ആശ** | **ശ്രീ. വി.എസ്. സുനിൽകുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) വെയർഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്, കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന്റെ ഭാഗമായി ഡയറക്ടർബോർഡ് യോഗങ്ങളും, വാർഷിക പൊതുയോഗവും നടത്തിവരുന്നു. 2002-03 സാമ്പത്തിക വർഷം മുതൽ തുടർച്ചയായി ഭീമമായ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ 2017-18 സാമ്പത്തിക വർഷത്തിൽ 6.57 കോടി രൂപയുടെ മികച്ച ലാഭം കൈവരിച്ചിട്ടുണ്ട്. കോപ്പറേഷന്റെ സഞ്ചിത നഷ്ടം 33.27 കോടി രൂപയിൽ നിന്ന് 26.70 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. വാർഷിക വിറ്റുവരവ് 2015-16 സാമ്പത്തികവർഷം 22.13 കോടി രൂപയായിരുന്നത് 2016-17-ൽ 22.66 കോടി രൂപയായും. 2017-18-ൽ 34.23 കോടി രൂപയായും വർദ്ധിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ വാടക ഗോഡൗണുകൾ ഉൾപ്പെടെയുള്ള സംഭരണശേഷി 2016-17-ൽ 1.47 ലക്ഷം മെട്രിക് ടൺ ആയിരുന്നത് 2017-18-ൽ 2.72 ലക്ഷം മെട്രിക് ടണ്ണായി ഉയർന്നിട്ടുണ്ട്.<br><br>കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ 2012-13 വർഷം മുതൽ കുടിശ്ശികയായിരുന്ന വാർഷിക കണക്കുകളും റിപ്പോർട്ടും പൂർത്തീകരിക്കുകയും 2016-17 വർഷം വരെയുള്ള വാർഷിക കണക്കുകളും റിപ്പോർട്ടും പൂർത്തീകരിച്ച് നിയമസഭയിൽ സമർപ്പിച്ചിട്ടുണ്ട്. 2017-18 വർഷത്തെ വാർഷിക പൊതുയോഗം 05.11.2019-ൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വെയർഹൗസിംഗ് കോർപ്പറേഷന്റെ ദൈനംദിന പ്രവർത്തനങ്ങളുടെ ഇൻസ്പെക്ഷൻ 2017-18 |

വർഷം വരെ അക്കൗണ്ടന്റ് ജനറൽ പൂർത്തീകരിച്ചിട്ടുണ്ട്. ഓഡിറ്റ് വിഭാഗം ചൂണ്ടിക്കാണിച്ചിട്ടുള്ള ന്യൂനതകൾ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 2018-19 വർഷത്തെ പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ 8.97 കോടി രൂപയുടെ മികച്ച ലാഭം കൈവരിച്ചിട്ടുണ്ട്.

കോർപ്പറേഷന്റെ വരുമാനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുന്നിൽക്കണ്ട് വൈവിദ്ധ്യവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു.

| | |
|---|---|
| ബി) വെയർ ഹൗസിംഗ് കോർപ്പറേഷൻ ഏതൊക്കെ മേഖലകളിലാണ് പ്രവർത്തിക്കുന്നതെന്നും ആയതിന്റെ ഫലപ്രാപ്തിയും സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ; | ബി) സംസ്ഥാന സർക്കാരിനും കേന്ദ്ര വെയർഹൗസിംഗ് കോർപ്പറേഷനും തുല്യ ഓഹരി പങ്കാളിത്തമുള്ളതും, 1962-ലെ വെയർഹൗസിംഗ് കോർപ്പറേഷൻസ് ആക്ട് അനുസരിച്ച് പ്രവർത്തിക്കുന്നതുമായ ഒരു സ്റ്റാറ്റ്യൂട്ടറി കോർപ്പറേഷനാണ് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ. കേരളത്തിലുടനീളം 55 വെയർഹൗസുകളിലായി ശാസ്ത്രീയമായി സാധനങ്ങൾ സൂക്ഷിച്ചു വയ്ക്കാവുന്ന വിധത്തിൽ പണികഴിപ്പിച്ചിട്ടുള്ള 2.72 ലക്ഷം മെട്രിക്ക് ടൺ സംഭരണ ശേഷിയുള്ള ഗോഡൗണുകളും, ഒരു കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനും സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷനു കീഴിൽ പ്രവർത്തിക്കുന്നു. സർക്കാർ സഹായത്തോടെ ആലത്തൂരിൽ ഒരു മോഡേൺ റൈസ് മില്ലും കോർപ്പറേഷൻ പണികഴിപ്പിച്ചിട്ടുണ്ട്. വിളവെടുപ്പ് കാലത്ത് ഉല്പന്നങ്ങൾക്ക് ഉണ്ടാകുന്ന വിലയിടിവ് തടയുന്നതിന് അവ ശാസ്ത്രീയമായി സൂക്ഷിക്കുകയും ഉല്പന്നങ്ങൾക്ക് വില വർദ്ധിക്കുന്ന അവസരത്തിൽ കർഷകർക്ക് അത് വിൽക്കുന്നതിനും വെയർഹൗസിംഗ് കോർപ്പറേഷൻ അവസരമൊരുക്കുന്നു. വെയർഹൗസിംഗ് കോർപ്പറേഷനിൽ സൂക്ഷിക്കുന്ന കാർഷികോല്പന്നങ്ങളുടെ മേൽ നൽകുന്ന വെയർഹൗസ് രസീതിന്മേൽ കർഷകർക്ക് ബാങ്കുകളിൽ നിന്നും കാർഷികവായ്പ എടുക്കുന്നതിനുള്ള സൗകര്യവും നൽകിവരുന്നു.<br><br>കോർപ്പറേഷനിൽ സൂക്ഷിക്കുന്ന കാർഷികോൽ-പ്പന്നങ്ങൾ കേടുകൂടാതെ നിലനിർത്തുന്നതിന് ഉപയോഗിക്കുന്ന കീടനശീകരണ പ്രവർത്തനങ്ങൾ |

കൃഷിയിടങ്ങളിലും, കാർഷികോല്പന്നങ്ങൾ സൂക്ഷിക്കുന്ന സ്ഥലങ്ങളിലും, ആയത് കർഷകരുടെ വീട്ടുകളിലും ഉത്തരവാദിത്ത്വത്തോടെ നിർവ്വഹിച്ചുവരുന്നു. ഇതിനായി പ്രത്യേകം പരിശീലനം സിദ്ധിച്ച ജീവനക്കാരെ ഏർപ്പെടുത്തിയിട്ടുണ്ട്.

കേരള കാർഷിക സർവ്വകലാശാലയുടെ സഹായത്തോടെ വെയർഹൗസിംഗ് കോർപ്പറേഷൻ വികസിപ്പിച്ചെടുത്ത "റോഡോഫോ" എന്ന എലിവിഷ ബെയ്റ്റ് കേരളത്തിലെ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷനുകൾ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും, കൃഷി ഭവനുകൾ മുഖേനയും നടത്തുന്ന എലി നശീകരണ പദ്ധതികളിൽ വളരെ വിജയകരമായി ഉപയോഗിച്ചുവരുന്നു.

വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി കീടനശീകരണ പ്രവർത്തനം കപ്പലുകളിലും, കൊച്ചി മെട്രോ, കേരള ഹൈക്കോടതി, കേരള നിയമസഭ, കൊച്ചിൻ ഷിപ്പ് യാർഡ്, കെ.റ്റി.ഡി.സി. ഹോട്ടലുകൾ, മെഡിക്കൽ കോളേജുകൾ, ആശുപത്രികൾ എന്നിവിടങ്ങളിൽ നടത്തിവരുന്നു. കൂടാതെ കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ, മെഡിക്കൽ കോർപ്പറേഷൻ, കേരള സ്റ്റേറ്റ് കൺസ്യൂമർ ഫെഡറേഷൻ തുടങ്ങിയ സർക്കാർ സ്ഥാപനങ്ങൾ മിതമായ നിരക്കിൽ കോർപ്പറേഷന്റെ ഗോഡൗണുകൾ ഉപയോഗിച്ചു വരുന്നു.

കാലഘട്ടത്തിനു അനുയോജ്യമായ രീതിയിൽ ശീതീകരണ സംവിധാനത്തോടു കൂടിയ ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കേരള സർക്കാരിന്റെയും കേന്ദ്ര വെയർഹൗസിംഗ് കോർപ്പറേഷന്റെയും അനുമതിയോടുകൂടി വെയർഹൗസുകളിലെ ഉപയോഗശൂന്യമായ സ്ഥലത്ത് മൊബൈൽ ടവറുകൾ സ്ഥാപിക്കുക വഴി കോർപ്പറേഷന് അധിക വരുമാനം കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

കേരളത്തിൽ നടപ്പാക്കുന്ന ഭക്ഷ്യ സുരക്ഷയുടെ ഭാഗമായി ആയതിന്റെ വിജയകരമായ പ്രവർത്തനത്തിന് കോർപ്പറേഷന്റെ സ്വന്തം ഗോഡൗണുകൾക്ക് പുറമെ

| | |
|---|---|
| | ഗോഡൗണുകൾ വാടകയ്ക്ക് എടുത്തു നൽകി ഭക്ഷ്യ സുരക്ഷാ പദ്ധതി വിജയിപ്പിക്കുന്നതിന് വെയർഹൗസിംഗ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവർത്തനം ഇടനിലക്കാരെ ഒഴിവാക്കി ഭക്ഷ്യധാന്യങ്ങൾ വാതിൽപ്പടി വിതരണം നടത്തണമെന്ന സർക്കാരിന്റെ നയം പൂർണ്ണമായും നടപ്പിലാക്കുന്നതിന് സഹായകരമാകുന്നു. |
| സി) ഓപ്പറേഷൻ പരശുറാം എന്ന പേരിൽ ഒരു പദ്ധതി വെയർ ഹൗസിംഗ് കോർപ്പറേഷൻ നടത്തുന്നുണ്ടോ; പ്രസ്തുത പദ്ധതി സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ; | സി) ഉണ്ട്, വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകളുടെ സംഭരണശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഒരു നിയോജകമണ്ഡലത്തിൽ ഒരു ഗോഡൗൺ എന്ന ആവശ്യം മുൻനിർത്തി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് 'ഓപ്പറേഷൻ പരശുറാം'. നിലവിൽ കേരളത്തിലുടനീളം വെയർഹൗസിംഗ് കോർപ്പറേഷന് ഗോഡൗണുകൾ സ്ഥാപിക്കാൻ സ്ഥലം ലഭിക്കാത്ത സ്ഥലങ്ങളിൽ, ആയതിന് സർക്കാർ ഭൂമി ദീർഘകാലാടിസ്ഥാനത്തിൽ പാട്ടത്തിനെടുത്ത് ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതിന്റെ ഭാഗമായി കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിൽ ശാസ്താകോട്ട വില്ലേജിൽ ബ്ലോക്ക് നമ്പർ 13-ൽ റീസർവ്വേ നമ്പർ.12/1-ൽപ്പെട്ട 40.47 ആർ റവന്യൂ പുറമ്പോക്ക് ഭൂമിയും അതിലുൾപ്പെട്ട 2 കെട്ടിടങ്ങളും വെയർഹൗസിംഗ് കോർപ്പറേഷന് 30 വർഷത്തെ പാട്ടത്തിന് ലഭിച്ചിട്ടുണ്ട്. മറ്റ് സ്ഥലങ്ങളിൽ സർക്കാർ ഭൂമി ലഭ്യമാക്കുന്നതിനുള്ള തുടർപ്രവർത്തനങ്ങൾ നടത്തി വരുന്നു. |
| ഡി) കോർപ്പറേഷന്റെ നേതൃത്വത്തിൽ കീടനശീകരണ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ? | ഡി) ഉണ്ട്. കോർപ്പറേഷന്റെ ഗോഡൗണുകളിൽ സൂക്ഷിക്കുന്ന ഭക്ഷ്യധാന്യങ്ങളെ കീടബാധയിൽ നിന്ന് സംരക്ഷിക്കുന്നതിനായി തുടങ്ങിയ കീടനശീകരണ പ്രവർത്തനങ്ങൾ ഇന്ന് വൈവിധ്യവൽക്കരണത്തിന്റെ ഭാഗമായി സർക്കാർ, അർദ്ധസർക്കാർ, പൊതുമേഖല, സ്വകാര്യമേഖല, സ്വകാര്യവ്യക്തികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വളരെ വിജയകരമായി ചെയ്തുവരുന്നു. കോർപ്പറേഷൻ സ്വന്തമായി വികസിപ്പിച്ചെടുത്ത റോഡോഫോ എന്ന എലിവിഷ ബെയ്റ്റ് ഇപ്പോൾ കൃഷിഭവനുകൾ തദ്ദേശ |

സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവ മുഖാന്തിരം വിതരണം ചെയ്യുവരുന്നു. കേരളത്തിൽ നിന്നും എലിപ്പനി എന്ന മഹാമാരി ഉന്മൂലനം ചെയ്യുന്നതിനായി റോഡോഫോ വാങ്ങി ഉപയോഗിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾക്ക് അനുമതി നൽകുകയും ഇവ വിതരണം ചെയ്യുന്നതിനുള്ള നോഡൽ ഏജൻസിയായി വെയർഹൗസിംഗ് കോർപ്പറേഷനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

കീട നശീകരണപ്രവർത്തനങ്ങൾ നടത്തുന്നതിന് കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷന് കേരള സർക്കാരിന്റെ പൊതുമരാമത്ത് വകുപ്പ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, ഹോമിയോപ്പതി വകുപ്പ്, കൃഷി വകുപ്പ് എന്നിവിടങ്ങളിൽ നിന്നും ഉത്തരവുകൾ ലഭിച്ചിട്ടുണ്ട്. ഫ്യൂമിഗേഷൻ, സ്പ്രേയിംഗ് എന്നീ പ്രവൃത്തികളിലൂടെയാണ് കോർപ്പറേഷൻ കീടനശീകരണ പ്രവർത്തനങ്ങൾ നടത്തുന്നത്. കളനശീകരണവും നിലവിലുള്ള കെട്ടിടങ്ങളിലും പുതുതായി പണിയുന്ന കെട്ടിടങ്ങൾക്കും ശാസ്ത്രീയമായ രീതിയിൽ ചിതൽ നശീകരണ പ്രവർത്തനവും കോർപ്പറേഷൻ ചെയ്തുവരുന്നു

**സെക്ഷൻ ഓഫീസർ**